# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3260 11.05.2017 ലെ മറുപടിക്ക്

### കയർ പിരി സംഘങ്ങളുടെ പ്രവർത്തനം

**ചോദ്യം**

ശ്രീമതി യു. പ്രതിഭ ഹരി
ശ്രീ.ജോൺ ഫെർണാണ്ടസ്
ശ്രീ.എം. രാജഗോപാലൻ
ശ്രീഎം. മുകേഷ്

**ഉത്തരം**

ഡോ. ടി.എം.തോമസ്സ് ഐസക്
(ധനകാര്യവും കയറും വകുപ്പ് മന്ത്രി)

| | |
|---|---|
| എ)കയർമേഖല പുനരുജ്ജീവിപ്പിക്കുന്നതിന്റെ ഭാഗമായി, ചകിരിയുടെ ലഭ്യത ഉറപ്പ വരുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്; | എ) ചകിരി ഉല്പാദനം വ്യാപിപ്പിക്കുന്നതിനായി ഡി.എഫ് മില്ലുകൾ സ്ഥാപിക്കുന്നതാണ്. പ ാലക്കാട് ജില്ലയിലെ നെൻമാറയിൽ (പൊന്നാനി പ്രോജക്ട്) കയർഫെഡിന്റെ ആഭിമുഖ്യത്തിൽ 30000 തൊണ്ട് ചകിരിയാക്കാൻ കഴിയുന്ന 2 മെഷീനുകൾ ഉൾക്കൊള്ളുന്ന ഫാക്ടറി സ്ഥാപിക്കുന്നതിന് നടപടി സ്വീകരി ച്ചിട്ടുണ്ട്. കുടുംബശ്രീ യൂണിറ്റുകളുമായി ബന്ധപ്പെട്ട് എറണാകുളം മുതൽ വടക്കോട്ടുള്ള ജില്ലകളിൽ ഡിഎഫ് മെഷീനുകൾ സ്ഥാപിച്ച് ചകിരി ഉല്പാദ നം വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇപ്രകാരം ഉൽപ്പാദിപ്പിക്കപ്പെടുന്ന ചകിരി ബൈ-ബായ്ക്ക് വ്യവസ്ഥയിൽ കയർഫെഡ് വഴി സംഭരിയ്ക്കുന്നതിനും ആലോചിക്കുന്നു. 2017-18-ൽ 100 ചെറുകിട ചകിരി ഉല്പാദന മില്ലുകൾ സ്ഥാപിക്കുന്നതിന് ലക്ഷ്യം വയ്ക്കുന്നു. |
| ബി) കയർ പിരി സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കയർമേഖലയിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>1. രണ്ട ാം പുന:സംഘടനാ പദ്ധതി<br>2. എല്ലാ നിയന്ത്രണങ്ങളും എടുത്തുമാറ്റി പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ചുകൊണ്ട് സമ്പൂർണ്ണ യന്ത്രവത്ക്കരണം.<br>3. ഡി.എഫ്. മില്ലുകൾ സ്ഥാപിച്ച് കുടുംബശ്രീ അടക്കമുള്ള സംവിധാനങ്ങളുടെ സഹായത്തോടെ ചകിരി ഉത്പ്പാദനം<br><br>പുന:സംഘടനയുടെ ഭാഗമായി പ്രവർത്തന ക്ഷമമല്ലാത്ത സംഘങ്ങളെ പ്രവർത്തന ക്ഷമമായവയോട് സഹകരണ നിയമപ്രകാരം കൂട്ടിച്ചേർക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. സംഘങ്ങൾക്ക് മാനേജിരിയൽ ഗ്രാന്റായി 3 കോടി രൂപ അനുവദി ച്ചിട്ടുണ്ട്.<br><br>കയർ മേഖലയിൽ സമ്പൂർണ്ണ യന്ത്രവത്ക്കരണം നടപ്പാക്കുകയാണ്. ഈ നടപടി പ രമ്പരാഗതമേഖലയിലെ തൊഴിലാളികളുടെ |

| | |
|---|---|
| | തൊഴിലിനെയും കൂലിയേയും ബാധിക്കാതിരിക്കാൻ സർക്കാർ പ്രത്യേകം ശ്രദ്ധിക്കുന്നു. ഇതിന്റെ ഭാഗമായി സംഘങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന കയർ മിനിമം കൂലി ഉറപ്പാക്കി കയർഫെഡ് സംഭരിക്കും. ഈ കയർ ഉപയോഗിച്ച് കയർ ഉൽപ്പന്നങ്ങൾ നെയ്യുന്നവരുടെ ഉൽപ്പന്നങ്ങൾ കയർ കോർപ്പറേഷൻ ക്രയവിലസ്ഥിരതാപദ്ധതി വഴി സംഭരിക്കും. അവ ഡിസ്ക്കൗണ്ട് നൽകി വിറ്റഴിക്കും.<br><br>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ MGNREGS ന്റെ ഭാഗമായി കൃഷി-ജല-മണ്ണ് സംരക്ഷണം, റോഡ് നിർമ്മാണം എന്നീ പ്രവർത്തനങ്ങളിൽ കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. മറ്റു മേഖലകളിൽ കയർ ഭൂവസ്ത്രത്തിന്റെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനായി വിപുലമായ ബോധവൽക്കരണ പ്രചാരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. |
| സി) കയർ വ്യവസായ മേഖലയിൽ നിലവിലുള്ള വില സ്ഥിരതാ പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ? | സി) 2016-17 വർഷത്തിൽ ക്രയ വില സ്ഥിരതാ പദ്ധതി പ്രകാരം 77 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. ആയതിൽ 21,38,00,000/- രൂപ കയർഫെഡിനും 55,62,00,000/- രൂപ കേരള സ്റ്റേറ്റ് കയർ കോർപ്പറേഷനും നൽകിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം ഈ സാമ്പത്തിക വർഷം 2 ലക്ഷം ക്വിന്റൽ കയറും 200 കോടി രൂപയുടെ കയറുൽപ്പന്നങ്ങളും സംഭരിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ